# ഭൂവുടമ മരിച്ചാൽ അയാളുടെ അനന്തരാവകാശികളുടെ പേരിൽ അടിസ്ഥാന നികുതി സ്വീകരിക്കാൻ വില്ലേജ് ഓഫീസർ ബാധ്യസ്ഥൻ

## കേരള ഹൈക്കോടതി

W.P. (C) No. 20280/2018 Dt. 21.11.2018

ശോഭ ശശീധരൻ

x

തഹസിൽദാർ, ആലത്തൂർ

അന്തരിച്ച രാഘവൻകുട്ടി എന്നയാളുടെ ഉടമസ്ഥതയിലും കൈവശത്തിലുമുണ്ടായിരുന്ന ഭൂമിയാണ് തേങ്കുറിശ്ശി വില്ലേജിലുള്ള പതിനാലര ആർ സ്ഥലം. 1984-ലാണ് മേൽപറഞ്ഞ രാഘവൻകുട്ടി മരിച്ചത്. അയാൾക്ക് മൂന്ന് മക്കളാണുണ്ടായിരുന്നത്. അവരിലൊരാളായ ശോഭ ജോലി സംബന്ധമായി ഗുജറാത്തിലായിരുന്നു. രാഘവൻകുട്ടിയുടെ മരണശേഷം അവകാശികളായ മക്കളാരും അടിസ്ഥാന നികുതി അടച്ചില്ല. 2006-ൽ ഒരു മകളും 2016-ൽ ഒരു മകനും അവകാശികളാരെയും അവശേഷിപ്പിക്കാതെ മരണമടഞ്ഞു. മരിച്ച രാഘൻകുട്ടിയുടെ അവശേഷിച്ച ഏക അവകാശി ശോഭ എന്ന മകളാണ്. 2017-ൽ ഗുജറാത്തിൽ നിന്ന് നാട്ടിലെത്തിയ ശോഭ പിതാവിന്റെ പേരിലുള്ള ഭൂമിയുടെ അവകാശി താൻ മാത്രമാണെന്നും ആ ഭൂമിയുടെ അടിസ്ഥാന നികുതി തന്റെ പേരിൽ അടയ്ക്കാൻ അനുവദിക്കണമെന്നും കാണിച്ച് ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് അപേക്ഷ നല്കി. തുടർന്ന് ഇതു സംബന്ധിച്ച് വില്ലേജ് ഓഫീസർ അന്വേഷണം നടത്തി. അന്തരിച്ച രാഘവൻകുട്ടിയുടെ പേരിലുണ്ടായിരുന്ന ഭൂമി മറ്റൊരാളുടെ കൈവശത്തിലാണെന്നും നികുതി രജിസ്റ്ററിൽ അയാളുടെ പേരാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും കണ്ട വില്ലേജ് ഓഫീസർ ശോഭയുടെ അപേക്ഷ നിരസിച്ചു. ഇതിനെതിരെ ശോഭ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തണ്ടപ്പേരിൽ മറ്റൊരാളുടെ പേര് കാണപ്പെടുന്നതിനാൽ ശോഭയുടെ പേര് അതിൽ ചേർക്കാനോ അവരുടെ പേരിൽ നികുതി സ്വീകരിക്കാനോ സാധിക്കില്ലെന്ന് വില്ലേജ് ഓഫീസർ ബോധിപ്പിച്ചു. യാതൊരു രേഖാ തെളിവുമില്ലാതെയും യഥാർത്ഥ അനന്തരാവകാശികൾക്ക് നോട്ടീസ് നല്കാതെയും തണ്ടപ്പേരിൽ പേര് മാറ്റിയത് നിയമവിരുദ്ധമാണെന്ന് ഹർജിക്കാരി വാദിച്ചു. ഭൂവുടമ മരിച്ചാൽ നിയമാനുസൃത അനന്തരാവകാശികളുടെ പേരിൽ നികുതി സ്വീകരിക്കാൻ വില്ലേജ് ഓഫീസർ ബാധ്യസ്ഥനാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. യഥാർത്ഥ അവകാശിക്ക് നോട്ടീസ് നല്കാതെയും തെളിവുകളില്ലാതെയും അന്യന്റെ പേര് തണ്ടപ്പേരിൽ ചേർത്തതും അയാളുടെ പേരിൽ നികുതി സ്വീകരിച്ചതും നിയമവിരുദ്ധമാണെന്നു കണ്ട ഹൈക്കോടതി അത് റദ്ദാക്കുകയും ഹർജിക്കാരിയുടെ അപേക്ഷ വീണ്ടും പരിഗണിച്ചും ഇരുകക്ഷികളുടെയും വാദം കേട്ടും രണ്ട് മാസത്തിനുള്ളിൽ നിയമാനുസൃത തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി വില്ലേജ് ഓഫീസർക്കും തഹസിൽദാർക്കും നിർദ്ദേശം നല്കുകയും ചെയ്തു.